REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ ഗവൺമെന്റ് വിളിച്ച സർവ കക്ഷിയോഗം പാർലമെന്റിൽ പുരോഗമിക്കുന്നു.**
- **യുദ്ധ സമാന സാഹചര്യത്തെ തുടർന്ന് നിരവധി വ്യാജ വാർത്തകൾ പ്രചരിക്കുന്നുണ്ടെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ.**
- **വന്യജീവികൾ ഇറങ്ങുന്നത് മുൻകൂട്ടി അറിയിക്കുന്ന നിർമിത ബുദ്ധി സാങ്കേതികവിദ്യാ സംവിധാനം പാലക്കാട്ട് മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.**
- **സംസ്ഥാന ഗവൺമെന്റിന്റെ വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന മേഖലാതല യോഗം മലമ്പുഴയിൽ ആരംഭിച്ചു.**
- **IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് ഡൽഹി കാപ്പിറ്റൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഓപ്പറേഷൻ സിന്ദൂർ വിഷയത്തിൽ ഗവൺമെന്റ് വിളിച്ച സർവ കക്ഷിയോഗം പാർലമെന്റിൽ പുരോഗമിക്കുന്നു. പാകിസ്ഥാനിലും പാക് അധീന കശ്മീരിലേയും ഭീകര കേന്ദ്രങ്ങളിൽ ഇന്ത്യ നടത്തിയ സൈനിക നടപടിയെപ്പറ്റി രാഷ്ട്രീയ നേതാക്കൾക്ക് ഗവൺമെന്റ് യോഗത്തിൽ വിശദാംശങ്ങൾ കൈമാറി. രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, ആഭ്യന്തരമന്ത്രി അമിത്ഷാ, വിദേശകാര്യമന്ത്രി ഡോ. എസ്. ജയശങ്കർ, ബി.ജെ.പി അധ്യക്ഷൻ ജെ.പി നദ്ദ, രാജ്യസഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് അധ്യക്ഷനുമായ മല്ലികാർജ്ജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവർക്ക് പുറമെ

സമാജ് വാദി പാർട്ടി, TMC, DMK, LJP, JDU, NCP (SP), ശിവസേനാ നേതാക്കളും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

കക്ഷി-രാഷ്ട്രീയ ഭേദമില്ലാതെ പ്രമുഖ നേതാക്കളെല്ലാം ഓപ്പറേഷൻ സിന്ദൂറിനെ അനുകൂലിച്ച്  സൈനിക നടപടിയെ അഭിനന്ദിച്ചു.

✪✪✪

ജമ്മു കശ്മീരിൽ നിയന്ത്രണ രേഖയിലെയും ജമ്മു മേഖലയിലെ അന്താരാഷ്ട്ര അതിർത്തി ഗ്രാമങ്ങളിലെയും നൂറുകണക്കിന് ആളുകളെ സുരക്ഷിത മേഖലകളിലേക്ക് മാറ്റി. ചൊവ്വാഴ്ച രാത്രി മുതൽ പാക് സൈന്യം സിവിലിയൻ പ്രദേശങ്ങൾക്ക് നേരെ വെടിവെപ്പ് ആരംഭിച്ചിരുന്നു.

പാകിസ്ഥാൻ സൈന്യം ജമ്മു മേഖലയിലെ പൂഞ്ചിലെയും രജൗരിയിലെയും ഗ്രാമങ്ങളിൽ നടത്തിയ ആക്രമണത്തിൽ 15 സിവിലിയന്മാർക്ക് ജീവഹാനിയുണ്ടാവുകയും 43 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി സൈനിക കേന്ദ്രങ്ങൾ അറിയിച്ചു. പാക് അധീന കശ്മീരിലെ ഒമ്പത് ഭീകര കേന്ദ്രങ്ങളിൽ ഇന്ത്യൻ സായുധ സേന മിസൈൽ ആക്രമണം നടത്തിയതിന് തൊട്ടുപിന്നാലെയാണ് അതിർത്തിക്കപ്പുറത്ത് നിന്ന് ഷെല്ലാക്രമണം ആരംഭിച്ചത്. പൂഞ്ചിൽനിന്ന് ആളുകൾ സ്വന്തമായി സുരക്ഷിത മേഖലകളിലേക്ക് മാറി.

അഖ്നൂർ സെക്ടറിൽ നിയന്ത്രണ രേഖയ്ക്ക് സമീപത്തെ  താമസക്കാരോടും സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറാൻ  അധികൃതർ ആവശ്യപെട്ടു.

✪✪✪

പാകിസ്ഥാനിലും പാക് അധീന കശ്മീരിലും ഇന്ത്യൻ സൈന്യം നടത്തിയ ഓപ്പറേഷൻ സിന്ദൂറിന് മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനക് പിന്തുണ അറിയിച്ചു. ഭീകര ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ഇന്ത്യ തകർത്തത് തികച്ചും ന്യായമാണെന്നും ഭീകരവാദികളെ ശിക്ഷിക്കാതിരിക്കാനാകില്ലെന്നും ഋഷി സുനക്  സാമൂഹിക മാധ്യമത്തിൽ പറഞ്ഞു.

ഇസ്രായേൽ അംബാസിഡർ റിയുവൻ അസറും ഇന്ത്യക്ക് പിന്തുണ അറിയിച്ചു. ഇന്ത്യയുടെ പ്രതിരോധത്തിന് ഇസ്രായേലിന്റെ പൂർണ പിന്തുണ ഉണ്ടെന്ന് അദ്ദേഹം അറിയിച്ചു.

റഷ്യയും, ജപ്പാനും, ജർമ്മനിയും ഭീകരതയ്ക്കെതിരായ ഇന്ത്യൻ നിലപാടിനെ പിന്തുണച്ച് രംഗത്തെത്തിയിട്ടുണ്ട്.

✪✪✪

ജമ്മു കശ്മീർ  അതിർത്തിയിൽ വീണ്ടും പാകിസ്ഥാന്റെ പ്രകോപനം. നാല് ഇടങ്ങളിൽ പാക് സേന വെടിവെയ്പ്പ് തുടർന്നു. അഖ്നൂർ, കുപ്‌വാഡ, ഉറി, ബാരമുള്ള മേഖലകളിലാണ് പാക് ആക്രമണം. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചു.

✪✪✪

സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ശ്രീനഗർ വിമാനത്താവളം അടച്ചതായി വ്യോമസേന അറിയിച്ചു. ശ്രീനഗർ, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഡ്, രാജ്കോട്ട് എന്നിവിടങ്ങളിലെ വിമാന സർവീസുകൾ നിർത്തിവച്ചതായി എയർ ഇന്ത്യ, സ്പൈസ്ജെറ്റ്, ഇൻഡിഗോ ഉൾപ്പെടെ എയർലൈൻ കമ്പനികൾ വ്യക്തമാക്കി.

✪✪✪

യുദ്ധ സമാന സാഹചര്യത്തെ തുടർന്ന്  നിരവധി വ്യാജ വാർത്തകൾ പ്രചരിക്കുന്നുണ്ടെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ  അറിയിച്ചു. എല്ലാ പരീക്ഷകളും റദ്ദാക്കിയെന്നും വിദ്യാർത്ഥികൾ വീടുകളിലേക്ക് മടങ്ങണമെന്നും നിർദേശിക്കുന്ന വ്യാജ അറിയിപ്പ് UGC യുടെ പേരിൽ പ്രചരിക്കുന്നുണ്ട്. UGC-യിൽ നിന്ന് അത്തരം നിർദേശങ്ങളൊന്നുമില്ലെന്ന് PIB വ്യക്തമാക്കി.

പാകിസ്ഥാൻ ഒരു ഇന്ത്യൻ വിമാനം വെടിവെച്ചിട്ടതായി അവകാശപ്പെടുന്ന വീഡിയോയും പ്രചരിക്കുന്നുണ്ട്. കഴിഞ്ഞ ഫെബ്രുവരിയിൽ ഗ്വാളിയോറിലെ ശിവപുരിക്ക് സമീപം പരിശീലനത്തിനിടെ തകർന്ന വ്യോമസേനയുടെ മിറാഷ് വിമാനത്തിന്റെ ദൃശ്യങ്ങളാണ് ഇതെന്നും അറിയിപ്പിൽ പറയുന്നു.

പാക് സൈന്യം ഇന്ത്യൻ ഡ്രോൺ വെടിവെച്ചിട്ടുവെന്ന തരത്തിൽ പ്രചരിക്കുന്ന വീഡിയോ റഷ്യ- ഉക്രൈൻ ഏറ്റുമുട്ടലിനിടെ തകർന്ന ഡ്രോണിന്റേതാണെന്നും PIB ഫാക്ട് ചെക്കിൽ അറിയിച്ചു.

പഞ്ചാബിലെ അമൃതസർ സൈനിക താവളത്തിൽ പാകിസ്ഥാൻ ആക്രമണം നടത്തിയെന്ന വ്യാജ വാർത്തയും ചില മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

✪✪✪

ബലൂചിസ്ഥാനിലെ രണ്ട് വ്യത്യസ്ത ആക്രമണങ്ങളിൽ  14 പാക് സൈനികർ കൊല്ലപ്പെട്ടു. ബോലാൻ ജില്ലയിലെ ഷോർകണ്ഡിൽ സൈനിക വാഹനത്തെ ലക്ഷ്യമിട്ട വിദൂര നിയന്ത്രണ സ്ഫോടനമാണ് ആദ്യമുണ്ടായത്. ഇതിൽ രണ്ട് സ്പെഷ്യൽ ഓപ്പറേഷൻ കമാൻഡർമാർ ഉൾപ്പെടെ 12 സൈനികരാണ് കൊല്ലപ്പെട്ടത്. രണ്ടാമത്തെ സ്ഫോടനം കെച്ച് ജില്ലയിലെ കുലാഗ് ടിഗ്രാൻ ഏരിയയിലായിരുന്നു. രണ്ട് ആക്രമണങ്ങളുടേയും ഉത്തരവാദിത്തം ബലൂചിസ്ഥാൻ ലിബറേഷൻ ആർമി ഏറ്റെടുത്തു.

✪✪✪

ഇറാൻ വിദേശകാര്യ മന്ത്രി ഡോ. അബ്ബാസ് അരാഗ്ചി രണ്ട് ദിവസത്തെ സന്ദർശനത്തിന് ന്യൂഡൽഹിയിലെത്തി. ഇന്ത്യ-ഇറാൻ സംയുക്ത സൗഹൃദ ഉടമ്പടിയുടെ 75-ാം വാർഷികത്തിന്റെ ഭാഗമായ ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജെയ്സ്വാൾ അറിയിച്ചു.

✪✪✪

ഉത്തരാഖണ്ഡിലെ ഉത്തരകാശി ഗംഗ്നാനി പ്രദേശത്ത് രാവിലെ ഹെലികോപ്ടർ തകർന്ന് അഞ്ച് പേർ മരിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. പൈലറ്റ് ഉൾപ്പെടെ ഏഴ് പേരാണ് സഹസ്ത്രധാരയിൽ നിന്ന് ഖർസാലിയിലേക്ക് പോവുകയായിരുന്ന ഹെലികോപ്റ്ററിലുണ്ടായിരുന്നത്.

✪✪✪

അടുത്ത മാർപ്പാപ്പയെ തെരഞ്ഞെടുക്കുന്ന പേപ്പൽ കോൺക്ലേവ് ഇന്നും തുടരുന്നു. ഇന്നലെ ആദ്യ റൗണ്ട് വോട്ടെടുപ്പിൽ പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കാനാവാതെ വന്നതോടെയാണ് വോട്ടെടുപ്പ് തുടരുന്നത്.

കർദിനാൾമാരുടെ ഇലക്ട്രൽ കോളജിന്റെ മൂന്നിൽ രണ്ട് അംഗങ്ങൾ പിന്തുണയ്ക്കുന്ന കർദിനാളിനെ അദ്ദേഹത്തിന്റെ അംഗീകാരത്തോടെ ആയിരിക്കും മാർപ്പാപ്പയായി തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുപ്പ് വിജയകരമായി പൂർത്തിയായാൽ സിസ്റ്റെയ്ൻ ചാപ്പലിൽ നിന്ന് വെളുത്ത പുക ഉയരും. തെരഞ്ഞെടുപ്പ് ഉണ്ടായില്ലെങ്കിൽ കറുത്ത പുകയും ഉയരും.

✪✪✪

ജനവാസ മേഖലകളിൽ വന്യജീവികൾ ഇറങ്ങുന്നത് മുൻകൂട്ടി അറിയിക്കുന്ന നിർമിത ബുദ്ധി സാങ്കേതികവിദ്യാ സംവിധാനം പാലക്കാട്ട് മന്ത്രി AK ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വനം വകുപ്പിന്റെ ഒലവക്കോട് ഡിവിഷൻ ഓഫീസിലാണ് കൺട്രോൾ റൂം പ്രവർത്തിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

.......വോയ്സ്.......

ജനവാസ മേഖലയിലേക്ക് വന്യ മൃഗങ്ങൾ ഇറങ്ങുന്നതിന് മുമ്പ്, വനാതിർത്തികളിൽ വന്യമൃഗങ്ങൾ എത്തുമ്പോൾ തന്നെ മുന്നറിയിപ്പ് നൽകുന്ന സംവിധാനമാണ് സ്ഥാപിച്ചിരിക്കുന്നത്.ഏത് പ്രതികൂല കാലാവസ്ഥയിലും 24 മണിക്കൂറും പ്രവൃത്തിക്കുന്ന 1200 മീറ്റർ വരെ ദൂര

പരിധിയിലുള്ള വന്യജീവികളുടെ സാന്നിധ്യം മനസ്സിലാക്കാൻ കഴിയുന്ന അത്യാധുനിക തെർമ്മൽ ക്യാമറകളും, നൈറ്റ് വിഷൻ ക്യാമറകളുമാണ് സംവിധാനത്തിന്റെ ഭാഗമായി സ്ഥാപിച്ചിരിക്കുന്നത്.

പാലക്കാട് വനം ഡിവിഷന് കീഴിലെ ഒലവക്കോട്, വാളയാർ റെയ്ഞ്ച് പരിധികളിലെ പരുത്തിപ്പാറ, മായാപുരം എന്നിവിടങ്ങിലാണ് നിലവിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. നവംബറോടെ വന്യമൃഗ ശല്യം രൂക്ഷമായ ജില്ലയിലെ എല്ലായിടങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളുടെ മേഖലാതല യോഗം മലമ്പുഴയിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ജില്ലകളിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭരണപരമോ സാങ്കേതികമോ ആയ തടസങ്ങൾ നേരിടുന്നവയ്ക്ക് പരിഹാരം കാണുകയുമാണ് യോഗത്തിന്റെ ലക്ഷ്യം. മന്ത്രിമാർ, ചീഫ് സെക്രട്ടറി ഉൾപ്പെടെ ഉദ്യോഗസ്ഥർ മൂന്ന് ജില്ലകളിലേയും കളക്ടർമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. വാർഷികാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന തല പട്ടയമേള വൈകീട്ട് കോട്ടമൈതാനത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്ത് 30,000 പട്ടയങ്ങളാണ് പട്ടയമേളയിൽ വിതരണം ചെയ്യുന്നത്. ജില്ലയിലെ 4,500 പട്ടയങ്ങളുടെ വിതരണവും നടത്തും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തിനോടനുബന്ധിച്ച് എന്റെ കേരളം പ്രദർശന വിപണന മേളയ്ക്ക് കണ്ണൂരിൽ ഇന്ന് തുടക്കമാവും. വൈകീട്ട് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

ഏഴ് ദിവസങ്ങളിലായി നടക്കുന്ന പ്രദർശന മേളയ്ക്ക് പോലീസ് മൈതാനിയിൽ 52,000 ചതുരശ്ര അടിയിൽ പവലിയൻ സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

SSLC പരീക്ഷാ ഫലം നാളെ ഉച്ചകഴിഞ്ഞ് മൂന്നിന് തിരുവനന്തപുരത്ത് മന്ത്രി V ശിവൻകുട്ടി പ്രഖ്യാപിക്കും. നാല് ലക്ഷത്തി 27,000 വിദ്യാർഥികളാണ് റെഗുലർ വിഭാഗത്തിൽ പരീക്ഷ എഴുതിയത്. ഓൾഡ് സ്കീമിൽ എട്ടു പേരും പരീക്ഷ എഴുതി. THSLC വിഭാഗത്തിൽ 3,057 പേരും AHSLC വിഭാഗ ത്തിൽ 65 വിദ്യാർഥികളും പരീക്ഷ എഴുതിയിട്ടുണ്ട്.

✪✪✪

ലഹരിക്കെതിരെ 'കിക്ക് ഡ്രഗ്സ്, സേ യെസ് ടു സ്പോർട്സ്" എന്ന സന്ദേശവുമായി മന്ത്രി V അബ്ദുറഹ്മാൻ നയിക്കുന്ന ലഹരിവിരുദ്ധ സന്ദേശയാത്ര കോഴിക്കോട് ജില്ലയിൽ പ്രവേശിച്ചു. ഇതിന്റെ ഭാഗമായി അടിവാരത്തുനിന്ന് താമരശ്ശേരി ചുങ്കം വരെ മാരത്തോൺ മത്സരം സംഘടിപ്പിച്ചു.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ 13 സ്വർണ്ണമുൾപ്പെടെ 35 മെഡലുകളുമായി മഹാരാഷ്ട്ര ഒന്നാം സ്ഥാനത്ത് തുടരുന്നു. 9 സ്വർണ്ണവും മൂന്ന് വെള്ളിയും നാല് വെങ്കലവും ഉൾപ്പെടെ 16 മെഡലുകൾ നേടിയ രാജസ്ഥാൻ രണ്ടാം സ്ഥാനത്തും കർണാടക മൂന്നാമതുമാണ്.

✪✪✪

കോഴിക്കോട്ട് കേരള പ്രീമിയർ ലീഗ് ഫുട്ബോളിൽ മുത്തൂറ്റ് FA ഫൈനലിൽ പ്രവേശിച്ചു. സെമിയിൽ KSEBയെ ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് അവർ ഫൈനൽ ബർത്ത് നേടിയത്. ഇന്ന് വൈകിട്ട് രണ്ടാം സെമിയിൽ കേരള പൊലീസ്, വയനാട് യുണൈറ്റഡ് FC.യെ നേരിടും. ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ രോഹിത് ശർമ ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ തീരുമാനം പ്രഖ്യാപിച്ചു. സമൂഹ മാധ്യമത്തിലൂടെയാണ് രോഹിത് ഇക്കാര്യം അറിയിച്ചത്. എന്നാൽ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്കായി കളിക്കുമെന്ന് രോഹിത് ശർമ പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് ഡൽഹി കാപ്പിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ധർമശാലയിലാണ് മത്സരം.

✪✪✪

സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയം മുടങ്ങിയതിൽ പ്രതിഷേധിച്ച് നാളെ ആശമാർ ദേശീയ ആരോഗ്യ ദൗത്യം ഓഫീസിലേക്ക് മാർച്ച് നടത്തുമെന്ന് കേരളാ ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു. മാർച്ച് മാസത്തിലെ ഓണറേറിയവും ഇൻസന്റീവുമാണ് മുടങ്ങിയത്.

✪✪✪

സ്വതന്ത്ര പരീക്ഷണാത്മക സിനിമകളുടെ ഏറ്റവും വലിയ ചലച്ചിത്രോത്സവമായ കേരള ഇൻഡിപെന്റന്റ് ആൻഡ് എക്സ്പിരിമെന്റൽ ഫിലിം ഫെസ്റ്റിവെൽ ഏഴാം എഡിഷന് നാളെ കോഴിക്കോട്ട് തുടക്കമാകും. ഈസ്റ്റ് ഹിൽ കൃഷ്ണമേനോൻ തിയേറ്ററാണ് ഫെസ്റ്റിവൽ വേദി. ശ്രീലങ്കൻ സംവിധായിക നദി വാസലമുദലി ആരാച്ചി ഉദ്ഘാടനം ചെയ്യും. 14 മലയാള സിനിമകളുൾപ്പെടെ 26 ഇന്ത്യൻ സിനിമകളും അഞ്ച് ലോക സിനിമകളും പ്രദർശിപ്പിക്കും. ശ്രീലങ്കൻ സിനിമ പാൻ ഡ്രം ആണ് ഉദ്ഘാടന ചിത്രം. രാംദാസ് കടവല്ലൂർ സംവിധാനം ചെയ്ത സത്യപ്പുല്ല് ഡോക്യുമന്ററിയുടെ പ്രത്യേക പ്രദർശനവുമുണ്ടാകും.

✪✪✪

കേരളത്തിൽ ഇന്നും നാളെയും ചിലയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, പാലക്കാട്, കൊല്ലം, തൃശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഉയർന്ന താപനിലയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

*News Editor & Reader : വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, രജ്ന കെ*
*DEO: സി കെ സുബോധ്*